"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം ജില്ലയിൽ 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതി ക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ.(സാധാ) നം.4878/2022/RD തീയതി,തിരുവനന്തപുരം, 29-11-2022

---

പരാമർശം:- 1. ദുരന്ത നിവാരണ വകുപ്പിന്റെ 29.10.2021 തീയതിയിലെ സ.ഉ. (കൈ) നം. 05/2021 / ദു.നി.വ. നമ്പർ ഉത്തരവ്.

2. സ.ഉ. (സാധാ) നം. 3118/2022/RD, തീയതി, 22.07.2022.

3. ലാന്റ് റവന്യൂ കമ്മീഷണറുടെ 24.09.2022 തീയതിയിലെ LR/10555/2022-LR(H2) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവന നാശം സംഭവിച്ചവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ദുരന്തനിവാരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2 ) ഉത്തരവ് പ്രകാരം 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവന നാശം സംഭവിച്ച കൊല്ലം ജില്ലയിലെ 270 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി 1,86,04,400/- രൂപ കൊല്ലം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവായിരുന്നു. 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവന നാശം സംഭവിച്ച കൊല്ലം ജില്ലയിലെ 39 ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം നൽകുന്നതിനായി 18,51,100/- രൂപ അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം മൂന്ന് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ ഭവന നാശം സംഭവിച്ച 39 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി കൊല്ലം ജില്ലാകളക്ടർക്ക് 18,51,100/- രൂപ (പതിനെട്ട് ലക്ഷത്തി അൻപത്തൊന്നായിരത്തി ഒരുന്നൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന 18,51,100/- രൂപ (പതിനെട്ട് ലക്ഷത്തി അൻപത്തൊന്നായിരത്തി ഒരുന്നൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കൊല്ലം ജില്ലാകളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക വിതരണം ചെയ്യുന്നതിനു മുമ്പ് ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതും അപ്രകാരം ആർക്കെങ്കിലും തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്. മേൽ പരാമർശിച്ച തുക അർഹരായവരുടെ അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്

വെയർ/സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിറാണി കെ

ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാ കളക്ടർ, കൊല്ലം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ.യ്ക്ക്

റവന്യൂ /ഡി.ആർ.എഫ് എ/ഡി.ആർ.എഫ് ബി വകുപ്പുകൾക്ക്

ദുരന്ത നിവാരണ വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by Bindumol K N
Date: 30-11-2022 10:22:44

സെക്ഷൻ ഓഫീസർ